സെറ്റ് പാസ്സായ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് പുതുക്കാൻ നടപടി

119 (4401) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ഇതേ വരെ എത്ര തവണ നടത്തിയിട്ടുണ്ട് എന്നറിയിക്കാമോ ;

(ബി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് ഏത്ര വർഷമാണ് തയ്യാറാക്കിയതെന്നും ഓരോ വർഷവും സെറ്റ് പാസ്സായ അദ്ധ്യാപകരെ കൂടി ഉൾപ്പെടുത്തി പ്രസ്തുത ലിസ്റ്റ് പുതുക്കിയിരുന്നുവോയെന്നും വെളിപ്പെടുത്തുമോ :

(സി) ഇല്ലെങ്കിൽ നിലവിലുള്ള ലിസ്റ്റ് തയ്യാറാക്കിയതിനു ശേഷമുള്ള വർഷങ്ങളിൽ യോഗ്യതാ പരീക്ഷ വിജയിച്ച് അർഹത നേടിയ അദ്ധ്യാപകരുടെ പ്രൊമോഷൻ സാദ്ധ്യത നിഷേധിക്കാതിരിക്കാൻ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് പുതുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മൂന്ന് തവണ നടത്തിയിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല.

(സി) (ബി) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെ താൽക്കാലിക നിയമനം

120 (4402) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് എച്ച്. എസ്. എ. (വിവിധ വിഷയങ്ങൾ) റാങ്ക് ലിസ്റ്റ് നിലവിലുള്ളത് :

(ബി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ ദിവസ വേതനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരവും എച്ച്. എസ്. എ. (വിവിധ വിഷയങ്ങൾ) എൽ. പി. എസ്. എ./യു. പി. എസ്. എ. ആയി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ :

(സി) ഉണ്ടെങ്കിൽ ജില്ല തിരിച്ചും വിഷയം തിരിച്ചും എച്ച്എസ്.എ. മാരുടെയും എൽ. പി. എസ്. എ./യു. പി. എസ്. എ. മാരുടെയും താൽക്കാലിക നിയമനത്തിന്റെ എണ്ണം വെളിപ്പെടുത്തുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അദ്ധ്യാപകരെ ദിവസ വേതനത്തിനും കോൺട്രാക്ട് വ്യവസ്ഥയിലും നിയമിക്കരുതെന്ന് ഗവൺമെന്റ് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഗവൺമെന്റ് നിർദ്ദേശം പാലിക്കാത്ത ഉദ്യോസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ;111

(എഫ്) പാലക്കാട് ജില്ലയിൽ പി.എസ്.സി.യുടെ നിലവിലുള്ള എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്), എച്ച്.എസ്.എ. (സോഷ്യൽ സയൻസ്), എച്ച്. എസ്. എ. (നാച്ചുറൽ സയൻസ്), എച്ച്. എസ്. എ. (ഇംഗ്ലീഷ്), എച്ച്. എസ്.എ. (മലയാളം), എച്ച്.എസ്.എ. (ഹിന്ദി), എച്ച്.എസ്.എ. (സംസ്കൃതം), എച്ച്. എസ്. എ. (അറബി) എച്ച്. എസ്. എ. (സംസ്കൃതം-പാർട്ട്ടൈം), എച്ച്. എസ്. എ. (അറബി-പാർട്ട് ടൈം), ജൂനിയർ ഹിന്ദി (പാർട്ട് ടൈം), ജൂനിയർ ഹിന്ദി (ഫുൾ ടൈം), ജൂനിയർ അറബി (പാർട്ട് ടൈം), പി. ഇ. ടി. തസ്തികകളിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഏറ്റവും അവസാനമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത് എന്നാണ് ; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ജി) എൽ.പി.എസ്.എ./യു.പി.എസ്.എ.മാരുടെ വിവിധ ജില്ലകളിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ഒഴിവുകളാണ് പി. എസ്. സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

(ബി) നിയമനങ്ങൾക്ക് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന് കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ സർക്കാർ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താറുണ്ട്.

(സി) സർക്കാർ സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അതാതു സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ ദിവസ വേതനാടിസ്ഥാനത്തിൽ നികത്തുന്നതിന് 19-6-2003-ലെ ജി. ഒ. (പി.) നമ്പർ : 166/03/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥിരം നിയമനം ലഭിക്കുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ദിവസ വേതനക്കാരെ പിരിച്ചുവിടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ പി. എസ്. സി. വഴിയാണ് സ്ഥിര ഒഴിവുകൾ നികത്തുന്നത്. എന്നാൽ, ഇതിനു കാലതാമസം നേരിടുമ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള ഉദ്യോഗാർത്ഥി ജോലിക്കു ഹാജരാകുമ്പോൾ തൽസമയം ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരുടെ സേവനം അവസാനിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) വ്യക്തമായ പരാതി ലഭിച്ചാൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) എച്ച്. എസ്. എ. ഫിസിക്കൽ സയൻസ്, സോഷ്യൽ സയൻസ് എന്നീ തസ്തികകൾക്കുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനമായി 3-7-2003-ൽ ആണ് പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്. പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

തസ്തിക	റിപ്പോർട്ട് ചെയ്ത തീയതി	ഒഴിവുകളുടെ എണ്ണം
എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്)	3-7-2003	7
എച്ച്. എസ്. എ. (സോഷ്യൽ സയൻസ്)	3-7-2003	12

(ജി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	212
ഇടുക്കി	73 (മലയാളം)
ഇടുക്കി	10 (തമിഴ്)
മലപ്പുറം	128
കോഴിക്കോട്	35
വയനാട്	38
കാസർഗോഡ്	117
പാലക്കാട്	50

LIBRARY ARCHIVES Kerala Legislative Assembly